**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 759** **09.08.2017-ൽ മറുപടിയ്ക്ക്**

**ഇടമലക്കുടി ആദിവാസി പഞ്ചായത്ത്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ദേവികുളം നിയോജകമണ്ഡലത്തിലെ ഇടമലക്കുടി ആദിവാസി പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | ദേവികുളം നിയോജകമണ്ഡലത്തിലെ ഇടമലക്കുടി ആദിവാസി പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി 10.35 കോടി രൂപ ചെലവഴിച്ച് ഇടമലക്കുടി സമഗ്ര വികസന പാക്കേജ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി മുഖേന നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ റോഡ്, കുടിവെള്ളം, വൈദ്യുതീകരണം മുതലായവ നടപ്പിലാക്കി വരുന്നു. വിശദാംശം അനുബന്ധം - I ആയി ചേർക്കുന്നു.<br>ഇടമലക്കുടിയുടെ സമഗ്ര വികസനത്തിനായി 13.03.2017-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ തത്വത്തിൽ അംഗീകരിച്ചും, പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയും സർക്കാർ ഉത്തരവ് (കൈ)നം.32/2017/പജപവവിവ തീയതി 27.04.2017 പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് II ആയി ചേർത്തിരിക്കുന്നു. |
| ബി) | പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന വിവരവും ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം - I**

## പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | തുക (രൂപ) |
|---|---|---|
| 1 | വെള്ളവര, തോൽപ്പാറ, ഷെഡുകടി കുടിവെള്ള പദ്ധതി | 17,21,000 |
| 2 | പെട്ടിമുടി - ഇടമലക്കുടി റോഡ് | 43,21,000 |
| 3 | പാറക്കുടി, നൂറടിക്കുടി, ചെന്നാപ്പാറക്കുടി, കണ്ടത്തിക്കുടി കുടിവെള്ള പദ്ധതി | 29,64,000 |
| 4 | പരപ്പയാർകുടി പാലം | 23,76,000 |
| 5 | ഇടമലക്കുടി വൈദ്യുതീകരണം | 4,77,60,000 |
| 6 | അക്ഷയ സെന്റർ | 7,64,000 |
| **ആകെ** | | **5,99,06,000** |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ഇടമലക്കുടി സ്പെഷ്യൽ പാക്കേജ്

| ക്രമ നമ്പർ | ഇനം | വർഷം, അനുവദിക്കുന്ന തുക(ലക്ഷത്തൽ) | | ആകെ തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| | | 2012-13 | 2013-14 | |
| 1 | മൺവീടുകളുടെ നിർമ്മാണം(250 വീടുകൾക്ക് 3 ലക്ഷം രൂപ വീതം) | 300 | 450 | 750 |
| 2 | ചെക്ക് ഡാം നിർമ്മാണം (5 എണ്ണം 6 ലക്ഷം വീതം) | 12 | 18 | 30 |
| 3 | ട്രക്ക് പാത്ത് നിർമ്മാണം (40 കി.മീ) | 10 | - | 10 |
| 4 | സുരക്ഷാഭവൻ നിർമ്മാണം | 25 | - | 25 |
| 5 | വാലായ്മപ്പുര നിർമ്മാണം (20 എണ്ണം 5 ലക്ഷം വീതം) | 50 | 50 | 100 |
| 6 | മൂന്നാറിൽ ഇക്കോഷോപ്പ് നിർമ്മാണം | 15 | - | 15 |
| 7 | ട്രഞ്ച് നിർമ്മാണം | 8 | 20 | 28 |
| 8 | സത്രം നിർമ്മാണം | 10 | 40 | 50 |
| 9 | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം (20 ലക്ഷം വീതം) | - | 20 | 20 |
| 10 | ട്രെയിനിംഗ്, കൗൺസിലിംഗ്, സോഷ്യൽ എൻജിനീയറിംഗ് | 1 | 1 | 2 |
| 11 | മറ്റു ചെലവുകൾ | 2 | 3 | 5 |
| | **ആകെ** | **433** | **602** | **1035** |

(പത്ത് കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം)

അനുബന്ധം -II

**കേരള സർക്കാർ**

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ഇടമലക്കുടിയുടെ സമഗ്ര വികസനം - 13.03.2017-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈകൊണ്ട തീരുമാനങ്ങൾ തത്വത്തിൽ അംഗീകരിച്ച് പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടികജാതി - പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ. (കൈ) നമ്പർ.32/2017/പജ.പവ.വിവ. തിരുവനന്തപുരം, തീയതി:27.04.2017

പരാമർശം:-1. ഇടമലക്കുടിയുടെ സമഗ്രവികസനത്തിനായി 13.03.2017-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടികുറിപ്പ്.

**ഉത്തരവ്**

ഇടമലക്കുടിയുടെ സമഗ്ര വികസനത്തിനായി 13.03.2017-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈകൊണ്ട തീരുമാനങ്ങൾ (അനുബന്ധമായി ചേർത്തിരിക്കുന്നു) തത്വത്തിൽ അംഗീകരിച്ചും, പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ചീഫ് സെക്രട്ടറി തലത്തിൽ ആവർത്തന അവലോകനം നടത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.വേണു.വി
പ്രിൻസിപ്പൽ സെക്രട്ടറി

1. തദ്ദേശ സ്വയംഭരണം വകുപ്പ്,
2. വനം വകുപ്പ്,
3. ആരോഗ്യകുടുംബക്ഷേമവകുപ്പ്
4. ജലവിഭവ വകുപ്പ്
5. ഭക്ഷ്യപൊതുവിതരണ വകുപ്പ്
6. ധനകാര്യവകുപ്പ്
7. ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
8. പൊതു വിദ്യാഭ്യാസ വകുപ്പ്
9. സാമൂഹ്യനീതി വകുപ്പ്
10. ആഭ്യന്തര വകുപ്പ്
11. ഗതാഗത വകുപ്പ്
12. ഊർജ്ജ വകുപ്പ്
13. പൊതുമരാമത്ത് വകുപ്പ്
14. ഐ.ടി വകുപ്പ്
15. പൊതുഭരണ വകുപ്പ്

(1–15) ആമുഖ കത്ത് സഹിതം

16. ഡയറക്ടർ,പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.

17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്/ എ & ഇ), തിരുവനന്തപുരം
18. പൊതുഭരണ (എസ് സി) വകുപ്പ്- മന്ത്രിസഭാ യോഗത്തിന്റെ നടപടികുറിപ്പ് ഇനം നം.934 തീയതി 20-04-2017 പ്രകാരം.
19. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,
ബഹു.പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.വിദ്യാഭ്യാസം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.ആരോഗ്യവും സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

**ഇടമലക്കുടിയുടെ സമഗ്ര വികസനത്തിനായി 13.03.2017-ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട തീരുമാനങ്ങൾ**

i. ഗ്രാമ പഞ്ചായത്ത് ഓഫീസ് അടിയന്തിരമായി ഇടമലക്കുടിയിലേക്ക് മാറ്റേണ്ടതും, ആയത് കമ്മ്യൂണിറ്റി ഹാളിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്യേണ്ടതാണ്. (നടപടി -തദ്ദേശസ്വയംഭരണ വകുപ്പ്, വനം വകുപ്പ്)

ii. ഉചിതമായ സാങ്കേതികവിദ്യ കഴിയുന്നതും ടി പ്രദേശത്ത് പ്രചാരത്തിലുള്ള പരമ്പരാഗത സാങ്കേതികവിദ്യ ഉപയോഗിച്ചായിരിക്കണം ഇടമലക്കുടിയിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്. ഇതിന്റെ സുഗമമായ നടത്തിപ്പ്, എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതിക അനുമതി നൽകൽ, അളവുകളുടെ പരിശോധന തുടങ്ങിയവ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.(നടപടി -തദ്ദേശസ്വയംഭരണ വകുപ്പ്)

iii. വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള രണ്ട് കെട്ടിടങ്ങൾ ഹെൽത്ത് സബ് സെന്ററിനായി നൽകേണ്ടതാണ്. (നടപടി -വനം വകുപ്പ്, ആരോഗ്യകുടുംബ ക്ഷേമ വകുപ്പ്)

iv. നിലവിലുള്ള ഹെൽത്ത് സബ് സെന്റർ അപ്ഗ്രേഡ് ചെയ്ത് ഇടമലക്കുടിക്ക് ഒരു പുതിയ പ്രൈമറി ഹെൽത്ത് സെന്റർ അനുവദിക്കേണ്ടതാണ്. ആയത് ആരംഭിക്കുന്നതിനായി സ്റ്റാഫിനെ ലഭ്യമാക്കേണ്ടതും വകുപ്പിനുള്ളിൽ നിന്നു തന്നെ സേവന സന്നദ്ധതയുള്ളവരെ കണ്ടെത്തേണ്ടതുമാണ്. ഇപ്രകാരം സ്റ്റാഫിനെ ലഭിക്കുന്നില്ലായെങ്കിൽ മറ്റ് മാർഗ്ഗങ്ങൾ അവലംബിച്ച് ആവശ്യമുള്ള സ്റ്റാഫിനെ നിയോഗിക്കേണ്ടതാണ്. കൂടാതെ 2 സബ് സെന്ററുകൾ കൂടി അനുവദിക്കേണ്ടതുമാണ്.(നടപടി -ആരോഗ്യകുടുംബക്ഷേമ വകുപ്പ്)

v. ഒരു "കുടിക്ക്" ഒരാൾ എന്ന രീതിയിൽ ഇവിടത്തെ യുവജനങ്ങളെ പ്രത്യേകിച്ച് സ്ത്രീകളെ നഗ്നപാദരായ ഹെൽത്ത് വർക്കർമാരായി പ്രവർത്തിക്കുന്നതിന് ട്രെയിനിംഗ് നൽകേണ്ടതും ആരോഗ്യവകുപ്പ് അത്തരം ആരോഗ്യ സേവകരെ

തെരഞ്ഞെടുത്ത് മൂന്ന് മാസത്തിൽ കുറയാതെയുള്ള ട്രെയിനിംഗ് നൽകേണ്ടതും, തുടർന്ന് ക്രമാനുഗതമായി റിഫ്രഷർ ട്രെയിനിംഗും നൽകേണ്ടതാണ്.(നടപടി-ആരോഗ്യകുടുംബക്ഷേമ വകുപ്പ്, ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്)

vi. സബ് സെന്റർ കെട്ടിടം പ്രവർത്തനമാരംഭിക്കുന്ന മുറയ്ക്ക് റസിഡന്റ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ നിയമിക്കേണ്ടതാണ്.(നടപടി -ആരോഗ്യ കുടുംബക്ഷേമ വകുപ്പ്)

vii. നിലവിലുള്ള എൽ.പി സ്കൂളിനെ അപ്ഗ്രേഡ് ചെയ്ത് 7-ാം സ്റ്റാൻഡേർഡ് വരെയാക്കേണ്ടതാണ്. (നടപടി - പൊതു വിദ്യാഭ്യാസ വകുപ്പ്)

viii. പ്രസ്തുത സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതു വരെ കുട്ടികളെ പഠിപ്പിക്കുന്നതിനായി കുടികളിൽ തന്നെ താൽക്കാലിക സൗകര്യം ഏർപ്പെടുത്തേണ്ടതും, പത്താം ക്ലാസ് പഠനം പൂർത്തിയായ തദ്ദേശ വാസികൾക്ക് ട്രെയിനിംഗ് നൽകി ഇത് പ്രാവർത്തികമാക്കേണ്ടതും ഇവർക്ക് ആകർഷകമായ പ്രതിഫലം നൽകേണ്ടതുമാണ്.(നടപടി - ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്)

ix. മെച്ചപ്പെട്ട വിദ്യാലയങ്ങളിലേക്ക് താൽപ്പര്യമുള്ള കുടുംബങ്ങളിലെ കുട്ടികളെ ചേർക്കേണ്ടതാണ്.(നടപടി- ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്)

x. വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ സൗകര്യം നൽകേണ്ടതാണ്. ആയതിനായി, ഇടമലക്കുടിയിൽ ആരംഭിക്കാൻ പോകുന്ന ഹോസ്റ്റൽ നിർമ്മാണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾക്കായി സാമൂഹ്യ പ്രവർത്തകർ, വിദഗ്ധർ, ഇടമലക്കുടി തദ്ദേശവാസികൾ തുടങ്ങിയവർ ഉൾപ്പെടുന്ന ഒരു സമിതി രൂപീകരിക്കേണ്ടതാണ്. (നടപടി -ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്)

xi. മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കേണ്ടതാണ്.(നടപടി -ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്)

xii. 'കൊഴിഞ്ഞുപോക്ക്' കണ്ടെത്തി അവരെ സ്കൂളിലേക്ക് തിരികെ കൊണ്ടു വരേണ്ടതാണ്.(നടപടി -ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്)

xiii. ജലനിധി, ഒരു പുതിയ സംഘടനയെ (Supporting organization) കണ്ടെത്തി, ആയതിന്റെ പിന്തുണയോടെ അരുവികളിൽ നിന്ന് ഹോസ് സ്ഥാപിച്ച്

ഗുരുത്വാകർഷണത്താൽ വെള്ളം കുടികളിൽ എത്തിച്ച് ജലവിതരണം പൂർണ്ണമായും നടപ്പിലാക്കേണ്ടതാണ്. (നടപടി -ജലവിഭവ വകുപ്പ്)

xiv. പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി നിരക്കുകളെ സംബന്ധിച്ചുള്ള ഒരു പ്രത്യേക പട്ടിക തയ്യാറാക്കേണ്ടതും പൊതുമരാമത്ത് വകുപ്പിന്റെ സഹായത്തോടെ ഇതിനായി ഒരു പ്രത്യേക കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്. (നടപടി -പൊതുമരാമത്ത് വകുപ്പ്)

xv. റോഡ് നിർമ്മാണം ദ്രുതഗതിയിൽ പൂർത്തീകരിക്കേണ്ടതാണ്. പ്രാദേശിക യാത്രകൾക്കായി സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ രണ്ടു ജീപ്പുകൾ ലഭ്യമാക്കേണ്ടതും വനംവകുപ്പ് ആയതിന്റെ പ്രവർത്തനം നിർവ്വഹിക്കേണ്ടതുമാണ്.(നടപടി -ജില്ലാ കളക്ടർ , ട്രാൻസ്പോർട്ട് വകുപ്പ്, വനം വകുപ്പ്)

xvi. വനസംരക്ഷണ സമിതിയും, ഗിരിജൻ സൊസൈറ്റിയും അഴിമതി രഹിതമായ രീതിയിൽ പുന:സംഘടിപ്പിക്കേണ്ടതാണ് (നടപടി -ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്)

xvii. ഇടമലക്കുടിയിലെ ആദിവാസികളുടെ സാമൂഹിക അവകാശം (Community Rights) സംബന്ധിച്ച് വനം വകുപ്പ് പ്രഖ്യാപനം നടത്തേണ്ടതാണ്.(നടപടി -വനം വകുപ്പ്)

xviii. ആദിവാസികൾ കാട്ടിൽ നിന്നും ശേഖരിക്കുന്ന വനവിഭവങ്ങളുടെ (Non-timber) വിൽപനയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പും വനം വകുപ്പും സംയുക്തമായി സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.(നടപടി -വനം വകുപ്പ്, ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്)

xix. ജൈവകൃഷി സമ്പ്രദായം മാത്രം പ്രോത്സാഹിപ്പിക്കേണ്ടതും ഏലം കൃഷിക്കായി പുറമേ നിന്നുമുള്ള വിത്തിനം ഒഴിവാക്കേണ്ടതുമാണ്.(നടപടി -വനം വകുപ്പ്)

xx. വിവര സാങ്കേതിക വകുപ്പ് ഉചിതമായ രീതിയിൽ, മൊബൈൽ കണക്ടിവിറ്റി ഉറപ്പാക്കേണ്ടതാണ്.(നടപടി -ഐ ടി വകുപ്പ്)

xxi. സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, മൈക്രോ ഹൈഡൽ പദ്ധതികളുടെ സാധ്യത പരിശോധിക്കേണ്ടതും വൈദ്യുതി ഉല്പാദനവും വിതരണവും ഉറപ്പാക്കേണ്ടതുമാണ്.( നടപടി ഊർജ്ജ വകുപ്പ്)

xxii. പൊതുവിതരണ സമ്പ്രദായം സംബന്ധിച്ച്, "ആട്ട വിതരണം,' തദ്ദേശവാസികൾക്ക് സ്വീകാര്യമായ പരമ്പരാഗത ഭക്ഷ്യ വസ്തുക്കളുടെ വിതരണം, ഗതാഗത നിരക്ക് വർദ്ധനവ്" എന്നിവയ്ക്കായി ഒരു പാക്കേജ് തയ്യാറാക്കേണ്ടതും ഒരു സംഭരണകേന്ദ്രം പണിയേണ്ടതുമാണ്.(നടപടി- ഭക്ഷ്യ പൊതുവിതരണ വകുപ്പ്)

xxiii. എല്ലാ അംഗനവാടികളുടെയും കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുക, തദ്ദേശവാസികളായ ആദിവാസി സ്ത്രീകളെ മാത്രം വർക്കേഴ്സ് ആയി നിയമിക്കുക, നിലവിലുള്ള തദ്ദേശവാസികളല്ലാത്ത വർക്കർമാരെ മറ്റു സ്ഥലങ്ങളിലേയ്ക്ക് മാറ്റി നിയമിക്കുക എന്നിവ അടിയന്തിരമായി ചെയ്യേണ്ടതാണ്. (നടപടി- സാമൂഹ്യ നീതി വകുപ്പ്)

xxiv. ആദിവാസി കുടുംബങ്ങളുമായും, പ്രത്യേകിച്ച് ആദിവാസി സ്ത്രീകളുമായും ചർച്ച ചെയ്ത് ശുചിത്വമുള്ളതും, സൗകര്യപ്രദവുമായ വാലായ്മപ്പുരകൾ നിർമ്മിക്കേണ്ടതാണ്.(നടപടി -ഡയറക്ടർ പട്ടികവർഗ്ഗ വികസന വകുപ്പ്)

xxv. 'ലൈഫി'ന്റെ കീഴിൽ പ്രഥമ പരിഗണന നൽകി സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കേണ്ടതാണ്. ടി പ്രദേശത്ത് ലഭ്യമായ വസ്തുക്കൾ വിദഗ്ധ ഏജൻസികളെ കൊണ്ട് കണ്ടെത്തി, വീടിന്റെ മാതൃക തുടങ്ങിയവ ചർച്ച ചെയ്തു നിർമ്മിക്കേണ്ടതാണ്.

(നടപടി - തദ്ദേശ സ്വയംഭരണ വകുപ്പ്, ഡയറക്ടർ പട്ടികവർഗ്ഗവികസന വകുപ്പ്)

xxvi. മേൽ വിവരിച്ചവയെല്ലാം ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനായി ദേവികുളം സബ്കളക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിക്കേണ്ടതാണ്.

(നടപടി പൊതുഭരണ സ്പെഷ്യൽ (എ) വകുപ്പ്)